**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3209** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റത്തിൽ അഞ്ചുവർഷം ഒരു ഓഫീസിൽ തുടർച്ചയായി ജോലി ചെയ്യുന്ന ജീവനക്കാരെ മാറ്റണമെന്ന പൊതുഭരണ വകുപ്പിന്റെ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | ഈ വർഷത്തെ പൊതുസ്ഥലംമാറ്റം ഓൺലൈൻ ആയി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ ഓൺലൈൻ സ്ഥലംമാറ്റ നടപടി പൂർത്തീകരിക്കാത്തതിനാൽ ഓഫീസുകളിൽ 5 വർഷം പൂർത്തീകരിച്ച ജീവനക്കാർ തുടരുന്നു. എന്നാൽ ഈ വർഷത്തെ ഓൺലൈൻ സ്ഥലംമാറ്റ നടപടികൾ പൂർത്തീകരിക്കുമ്പോൾ ഇവർ സ്ഥലം മാറ്റപ്പെടുന്നതാണ്. |
| (ബി) | വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഓഫീസുകളിൽ അഞ്ചു വർഷത്തിൽ കൂടുതൽ കാലം ജോലി ചെയ്യുന്ന മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരെ താൽക്കാലികമായി സ്ഥലം മാറ്റുകയും, ഓഫീസ് ഉത്തരവിലൂടെ ആറുമാസത്തിനുള്ളിൽ അതേ ഓഫീസുകളിൽ തന്നെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള നടപടികൾ അവസാനിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ